പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4994 — 04.07.2012 - ൽ മറുപടിക്ക്

## ഐസ്ക്രീം പാർലർ പെൺവാണിഭക്കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ, സുരേഷ് കുറുപ്പ്<br>" കെ.വി. വിജയദാസ്<br>" ബി. സത്യൻ<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഐസ്ക്രീം പാർലർ പെൺവാണിഭ ക്കേസ് അട്ടിമറിക്കാൻ ശ്രമിച്ചു എന്ന ആരോപണം സംബന്ധിച്ച് അന്വേഷി ക്കുകയുണ്ടായോ ; | (എ) ഐസ്ക്രീം പാർലർ പെൺവാണിഭ കേസ് അട്ടിമറിക്കാൻ ശ്രമിച്ചു എന്ന ആരോപണം സംബന്ധിച്ച് 30.01.2011-ാം തീയതി കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 59/2011 u/s 120(B), 109, 193, 214, 465, 468 r/w 34 IPC പ്രകാരം ഉള്ള കേസ് അന്വേഷിക്കുകയുണ്ടായി. |
| (ബി) ആരുടെ വെളിപ്പെടുത്തലിന്റെ അടി സ്ഥാനത്തിലായിരുന്നു അന്വേഷണം; വെളിപ്പെടുത്തലുകൾ എന്തെല്ലാമായി രുന്നു ; | (ബി) ശ്രീ. കെ.എ. റൗഫ് S/o കെ.സി. അഹമ്മദ്, ഷെൽട്ടർ, ജയന്തി നഗർ കോളനി, കോഴിക്കോട് എന്നയാളുടെ 28.01.2011 തീയതിയിലെ പത്രസമ്മേളന ത്തിലെ വെളിപ്പെടുത്തലുകളെ അടി സ്ഥാനമാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തത്. ഐസ്ക്രീം പാർലർ സെക്സ് റാക്കറ്റ് എന്നറിയപ്പെട്ടതും കോഴിക്കോട് നടക്കാവ് പോലീസ് സ്റ്റേഷൻ ക്രൈം നം. 282/1997 ആയി രജിസ്റ്റർ ചെയ്തതുമാണ് കേസ്. പ്രസ്തുത കേസിന്റെ സാക്ഷികളെയും സാമൂഹിക പ്രവർത്തകരെയും പ്രോസിക്യൂട്ടർമാരെയും ജുഡീഷ്യൽ ഉദ്യോഗസ്ഥരെയും പണം കൊടുത്തും മറ്റും സ്വാധീനിച്ച് അട്ടിമറിച്ചു എന്നായി രുന്നു ആരോപണം. |

| | | | |
|---|---|---|---|
| (സി) | അന്വേഷണ സംഘത്തിൽ ആരെല്ലാമുണ്ടായിരുന്നു; | | പ്രത്യേക അന്വേഷണ സംഘത്തിൽ എ.ഡി.ജി.പി. (ക്രൈംസ്) ശ്രീ. വിൻസൺ എം. പോളിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയിരുന്നു.<br><br>1. ശ്രീ. പി. വിജയൻ ഐ.പി.എസ് (അന്നത്തെ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ)<br>2. ശ്രീ. അനൂപ് കുരുവിള ജോൺ ഐ.പി.എസ് (അന്നത്തെ എ.ഐ.ജി. കോസ്റ്റൽ സെക്യൂരിറ്റി, തിരുവനന്തപുരം)<br>3. ശ്രീ. എസ്. രാധാകൃഷ്ണൻ (അന്നത്തെ കുന്ദംകുളം DySP)<br>4. ശ്രീ. എ. വേണുഗോപാൽ (അന്നത്തെ DySP CBCID EOW Kozhikode)<br>5. ശ്രീ. കെ. സുദർശനൻ (അന്നത്തെ DySP മലപ്പുറം)<br>6. ശ്രീ. ജെയ്സൺ കെ. അബ്രഹാം (അന്നത്തെ Asst. Commissioner of Police, Control Room Kozhikode City) |
| (ഡി) | കോഴിക്കോട് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് അവസാനിപ്പിക്കുകയാണെന്ന് കാണിച്ച് അന്വേഷണ സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ഈ കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് 13.06.2012 -ൽ ബഹു: കോഴിക്കോട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി - I ൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. |
| (ഇ) | ഏതെങ്കിലും കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ ഘട്ടത്തിൽ അതീവ രഹസ്യമായി കേസ് എഴുതിതള്ളാനിടയായ സാഹചര്യം എന്തായിരുന്നു? | (ഇ) | ഈ കേസിന്റെ അന്വേഷണം സി.ബി.ഐ.യ്ക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു: പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ 28.08.2011 -ാം തീയതി ബഹു: കേരള ഹൈക്കോടതിയിൽ WP(C) 24114/2011 ആയ റിട്ട് പെറ്റീഷൻ ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ കേസിന്റെ അന്തിമ റിപ്പോർട്ട് കേസന്വേഷണം പൂർത്തിയാക്കിയ മുറയ്ക്ക് നടപടി ക്രമം അനുസരിച്ച് ബഹു: കോടതി മുമ്പാകെ സമർപ്പിക്കുകയാണുണ്ടായത്. |

Joseph

സെക്ഷൻ ഓഫീസർ